പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6882 — 10.07.2014 ന് മറുപടിയ്ക്ക്

## ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ. കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ. കളുടെ വിശദവിവരം നല്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി, മലപ്പുറം ജില്ലയിലെ താഴേക്കോട്, കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി എന്നിവിടങ്ങളിലായി 5 ഐ.റ്റി.ഐകളും കണ്ണൂർ ജില്ലയിലെ കുത്തുപറമ്പിൽ ഒരു ഐ.റ്റി.ഐയും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ഒരു ഐ.റ്റി.ഐയും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) ഉൾപ്പെടെ ആകെ 7 ഐ.റ്റി.ഐ.കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഐ.റ്റി.ഐ യും അടച്ചുപൂട്ടിയിട്ടില്ല. |
| (ബി) കാലോചിതമായ കോഴ്സുകളോടു കൂടിയ ഐ.റ്റി.ഐ. കൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഐ.റ്റി.ഐ. കൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;<br><br>(സി) ഇക്കാര്യത്തിലുള്ള നിലപാടും നയവും വ്യക്തമാക്കുമോ? | ***(ബി) & (സി)*** നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ